"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീമതി. കെ.പി. ഗീതാകുമാരിയുടെ സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.789/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 27/04/2020

പരാമർശം:- 1 സ.ഉ.(സാധാ) നം.2181/2010/തസ്വഭവ തീയതി 02.07.2010

2 സ.ഉ.(സാധാ) നം.2719/2011/തസ്വഭവ തീയതി 19.11.2011

3 സ.ഉ.(സാധാ) നം.3287/2017/തസ്വഭവ തീയതി 12.10.2017

4 പഞ്ചായത്ത് ഡയറക്ടറുടെ 11.01.2018-ലെ ഡി8-14357/2010 നമ്പർ കത്ത്

ഉത്തരവ്

ഇടുക്കി ജില്ലയിലെ വണ്ണപ്പുറം ഗ്രാമപഞ്ചായത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീമതി. കെ.പി. ഗീതാകുമാരി 24,313/- രൂപ സർക്കാർ ഫണ്ട് തിരിമറി നടത്തിയതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം ശ്രീമതി. കെ.പി. ഗീതാകുമാരിയെ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്യുകയും, പരാമർ ശം (2) പ്രകാരം ശ്രീമതി. കെ.പി. ഗീതാകുമാരിയെ സേവനത്തിൽ പുന:പ്രവേശിപ്പിക്കുകയും ചെയ്തിരുന്നു. തുടർന്ന് സർക്കാർ ഫണ്ട് തിരിമറി നടത്തിയതിന് ശ്രീമതി. ഗീതാകുമാരിയുടെ 2 വാർഷിക വേതന വർദ്ധനവുകൾ സഞ്ചിതഫലത്തോടെയല്ലാതെ 2 വർഷത്തേക്ക് തടഞ്ഞ് പരാമർശം (3) പ്രകാരം അച്ചടക്കനടപടി തീർപ്പാക്കിയും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീമതി. കെ.പി. ഗീതാകുമാരിയുടെ 02.07.2010 മുതൽ 18.11.2011 വരെയുള്ള സസ്പെൻഷൻ കാലയളവിലെ ശമ്പളവും ബത്തകളും ടിയാരി ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവനബത്തയിൽ നിജപ്പെടുത്തി എല്ലാ ആവശ്യത്തിനും ഡ്യൂട്ടിയായും, 19.11.2011 മുതൽ 14.12.2011 വരെയുള്ള കാലയളവ് KSR Part I Rule 56 B (9) Note-2 പ്രകാരം പ്രവേശന കാലമായോ, അർഹമായതും, അനുവദനീയവുമായ അവധിയായോ, ഇവ രണ്ടുമായോ ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. ശ്രീമതി. കെ.പി. ഗീതാകുമാരി, മുൻ സെക്രട്ടറി, വണ്ണപ്പുറം ഗ്രാമപഞ്ചായത്ത്

(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

3. അക്കൗണ്ടന്റ് ജനറൽ (എ&ഇ) /ആഡിറ്റ്) . കേരള, തിരുവനന്തപുരം/തൃശ്ശൂർ

4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി

5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

6. ധനകാര്യ വകുപ്പ് (യു.ഒ. റിമാർക്സ് നം. ഡെവ.1/225/2019/ധന. തീയതി 31.10.2019 പ്രകാരം)

7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/124/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ